**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** 01.02.2018 - ൽ **മറുപടിയ്ക്ക്**

# അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് അവയവദാനത്തിന് തയ്യാറാകുന്നവരുടെയും അവയവങ്ങൾ ആവശ്യമുള്ളവരുടെയും എണ്ണത്തിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മൃതസഞ്ജീവനി വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണവും നടത്തിവരുന്നു. കൂടാതെ നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നതിനായി 'സുനയനം' എന്ന ടെലി ഓഫ്ത്താൽമോളജി യൂണിറ്റും പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. |

| | |
|---|---|
| (സി) അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ തിരിച്ചറിയുന്നതിനും അത് ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) കേന്ദ്ര നിയമമായ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട്, 1994 അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നു വരുന്നത്. പ്രസ്തുത നിയമത്തിലെ അദ്ധ്യായം 6 അനുച്ഛേദം 19 പ്രകാരം വാണിജ്യപരമായ അവയവ കൈമാറ്റം കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരിൽ നിന്നും അവയവം സ്വീകരിക്കുമ്പോൾ അവയവ ദാതാവും സ്വീകർത്താവും ബന്ധപ്പെട്ട ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അനുമതി കർശനമായും നേടേണ്ടതുണ്ട്. അനുമതിയ്ക്കായി അപേക്ഷകർ സമർപ്പിക്കുന്ന രേഖകൾ കമ്മിറ്റി വിശദമായി പരിശോധിച്ച്, യാതൊരു പ്രതിഫലേച്ഛയും കൂടാതെയാണ് അവയവ ദാനത്തിനു തയ്യാറായിട്ടുള്ളതെന്നു ബോധ്യപ്പെട്ടാൽ മാത്രമേ ശസ്ത്രക്രിയക്കുള്ള അനുമതി നൽകുകയുള്ളൂ. വാണിജ്യപരമായ ഇടപെടലിന് സാധ്യതയുള്ളതിനാൽ അവയവം ആവശ്യപ്പെട്ടു കൊണ്ട് മാധ്യമങ്ങൾ വഴി പരസ്യം ചെയ്യുന്നതിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവംദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കു വേണ്ടിയും സ്വാപ്പ് ഡൊണേഷനു വേണ്ടിയും ഒരു റെജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ടുള്ള വാണിജ്യ താല്പര്യങ്ങൾ ഒഴിവാക്കുന്നതിനായി മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ കൂടുതൽ കർശന നിർദ്ദേശങ്ങൾ 01.02.2017 ലെ സ.ഉ.(കൈ) നം.16/2017/ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ